"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഭവനനിർമ്മാണ വകുപ്പ്- വയനാട് ജില്ലയിൽ സർക്കാർ ജീവനക്കാർക്ക് വേണ്ടിയുള്ള വാടക വീട് എന്ന പദ്ധതി - ഭരണാനുമതി പുതുക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭവനനിർമ്മാണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.12/2025/HSG തീയതി,തിരുവനന്തപുരം, 19-05-2025

---

പരാമർശം:- 1. സ.ഉ. (സാധാ) നം. 53/2023/HSG തീയതി 01.07.2023

2. സ.ഉ. (സാധാ) നം. 80/2023/HSG തീയതി 23.09.2023

3 സ.ഉ (സാധ) നം 47/2024/HSG തീയതി 21.06.2024

4 കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 12.12.2024-ലെ KSHB-HO/121/2024-D4 നമ്പർ കത്ത്.

<u>ഉത്തരവ്</u>

2023-24 സാമ്പത്തിക വർഷത്തെ പ്ലാൻ പദ്ധതികളുടെ ഭാഗമായി വയനാട് ജില്ലയിലെ മാനന്തവാടിയിൽ സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്ക് വേണ്ടിയുള്ള വാടക വീട് പദ്ധതി നടപ്പിലാക്കുന്നതിനായി 4216-01-106-91 (പി) എന്ന ശീർഷകത്തിൽ തുക വകയിരുത്തി, പരാമർശം (1) പ്രകാരം 9,50,00,000/- രൂപയുടെ (ഒൻപത് കോടി അമ്പതു ലക്ഷം രൂപ മാത്രം) ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം (2,3) ഉത്തരവുകൾ പ്രകാരം 361 ലക്ഷം രൂപ റിലീസ് ചെയ്യുകയും ചെയ്തിരുന്നു.

2. വയനാട് ജില്ലയിലെ മാനന്തവാടിയിൽ ബോർഡിന്റെ ഉടമസ്ഥതയിലുള്ള 39.27 സെന്റ് സ്ഥലത്ത് രണ്ട് ബ്ലോക്കുകളിലായി (Ground+4, Ground+2) 24 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനാണ് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിരുന്നത്. ഭരണാനുമതി ലഭിച്ചതിനു ശേഷം നടത്തിയ വിശദമായ സോയിൽ ഇൻവെസ്റ്റിഗേഷനിൽ ഫൗണ്ടേഷൻ, സ്ട്രക്ച്ചറൽ ഡിസൈൻ എന്നിവയിൽ സാരമായ വ്യതിയാനം വരുത്തേണ്ടതായി വന്നെന്നും, പുതുക്കിയ ഡിസൈൻ പ്രകാരം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ പ്രോജക്ട് കോസ്റ്റ് ഭരണാനുമതി തുകയേക്കാൾ അധികരിച്ചതായും ഭരണാനുമതി പ്രകാരമുള്ള 2 ബ്ലോക്കുകളും നിർമ്മിക്കുന്നത് അപ്രായോഗികമായതിനാൽ 16 ഫ്ലാറ്റുകളുള്ള ഒരു ബ്ലോക്ക് മാത്രം (Block A) നിർമ്മിക്കാവുന്നതാണെന്നും അതിന് 8.5കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നുവെന്നും പരാമർശം

(4) പ്രകാരം സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി അറിയിച്ചു. 24 ഫ്ലാറ്റുകൾ ഉൾക്കൊള്ളുന്ന രണ്ട് ബ്ലോക്കുകൾക്ക് പകരം ഭരണാനുമതി തുകയെ അധികരിക്കാതെ 16 ഫ്ലാറ്റുകൾ ഉൾക്കൊള്ളുന്ന ഒരു ബ്ലോക്കു മാത്രമായി നിർമ്മിക്കുവാൻ ആവശ്യമായ എസ്റ്റിമേറ്റ് ലഭ്യമാക്കുകയും പ്രസ്തുത ഭേദഗതിയോടെ പദ്ധതി നിർവഹിക്കുവാൻ അനുമതി തേടുകയും ചെയ്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് ജില്ലയിലെ മാനന്തവാടിയിൽ സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള 39.27 സെന്റ് സ്ഥലത്ത് രണ്ടു ബ്ലോക്കുകളിലായി 24 ഫ്ലാറ്റുകൾ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് അനുമതി നൽകിയിരുന്ന *സർക്കാർ ജീവനക്കാർക്ക് വേണ്ടിയുള്ള വാടക വീട് പദ്ധതി* , ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി സമർപ്പിച്ച വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 24 ഫ്ലാറ്റുകൾക്ക് പകരം 16 ഫ്ലാറ്റുകളുള്ള ഒരു ബ്ലോക്ക് മാത്രമായി നിർമ്മിക്കുന്നതിന് ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി 8,44,17,000/- രൂപയിൽ (എട്ടു കോടി നാൽപ്പത്തിനാല് ലക്ഷത്തി പതിനേഴായിരം രൂപ മാത്രം) നിജപ്പെടുത്തി പരാമർശം (1) പ്രകാരമുള്ള ഭരണാനുമതി പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. TS authority shall ensure the admissibility of provisions included in the estimate with the site conditions before issuing Technical Sanction.
2. The sub-base/base for interlocking shall comply with site requirements and relevant IS/IRC codes. The proposed steel quantity appears excessive and should be optimized according to the structural design. Additionally, rates for steel for piles, MS grills, tiles, etc., seem high and should align with standard rates.
3. The TS authority shall verify the correctness of the rates used in the estimates and standard specifications/ items from the DSoR should be applied for steel reinforcement for piles, tiles etc., instead of using observed data.
4. Structural adequacy and Structural stability shall be ensured before issuing the Technical Sanction considering economy.
5. Excavated materials shall be reused and the sub-base/base for

interlocking shall follow site requirements as per IS/IRC codes.

6. The works should meet functional needs and include necessary safety features.
7. Lump sum provision is provided for *Biogas Plant, Incinerator, External water supply (KWA), Statutory approvals (Building permit, fire NOC, PCB NOC, KSEB and electrical Inspectorate), Soil investigation and initial survey, external electrification*; hence, detailed estimate shall be prepared before issuing TS.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് പ്രവീൺ
അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ& ഇ) കേരള, തിരുവനന്തപുരം
ധനകാര്യ (പി. യു. സി) വകുപ്പ്.
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഐ & പി ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Krishnakumar S
Date: 19-03-2025 17:11:36
സെക്ഷൻ ഓഫീസർ